# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 16 | 2022 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664
ww.sabarimal.kerala..gov.in, prdsabarimala2022@gmail.com

---

### ശബരിമല നട തുറന്നു; ദർശന പുണ്യത്താൽ മനം നിറഞ്ഞ് തീർഥാടകർ

മണ്ഡല പൂജയ്ക്കായി ശബരിമല നട തുറന്നു. ഇനി വ്രതശുദ്ധിയുടെയും ശരണം വിളികളുടെയും നാളുകൾ. ഈ വർഷത്തെ മണ്ഡലകാല ഉത്സവത്തിനായി ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രനട ഇന്നലെ ( 16) വൈകിട്ട് അഞ്ചിന് തുറന്നു. ക്ഷേത്രതന്ത്രി കണ്ഠര് രാജീവരുടെ മുഖ്യകാർമികത്വത്തിൽ ക്ഷേത്ര മേൽശാന്തി എൻ. പരമേശ്വരൻ നമ്പൂതിരി ക്ഷേത്ര ശ്രീകോവിൽ നട തുറന്ന് ദീപങ്ങൾ തെളിയിച്ചു. ശേഷം ഉപദേവതാ ക്ഷേത്ര നടകളും തുറന്ന് വിളക്ക് തെളിയിച്ചു.

പിന്നീട് പതിനെട്ടാം പടിക്ക് മുന്നിലായുള്ള ആഴിയിലും മേൽശാന്തി അഗ്നി പകർന്നു. ശേഷം ഇരുമുടി കെട്ടുമേന്തി ശരണം വിളികളുമായി ഭക്തർ പതിനെട്ട് പടികൾ കയറി അയ്യനെ ക ു സായൂജ്യമടഞ്ഞു. ഭക്തർക്ക് തന്ത്രി വിഭൂതി പ്രസാദം വിതരണം ചെയ്തു. നട തുറന്ന ഇന്നലെ (16) പ്രത്യേക പൂജകൾ ഒന്നും തന്നെ ഉ ായിരുന്നില്ല.

ശബരിമലയിലെ പുതിയ പുറപ്പെടാ മേൽശാന്തിയായി ജയരാമൻ നമ്പൂതിരിയും മാളികപ്പുറം മേൽശാന്തി ഹരിഹരൻ നമ്പൂതിരിയും ചുമതല ഏറ്റെടുത്തു. ഇരുമുടി കെട്ടുമായി പതിനെട്ടാം പടി കയറിവന്ന ഇരുവരേയും സ്ഥാനമൊഴിഞ്ഞ മേൽശാന്തി എൻ. പരമേശ്വരൻ നമ്പൂതിരി പതിനെട്ടാം പടിക്ക് മുകളിൽ വച്ച് കൈപിടിച്ച് കയറ്റി ശ്രീകോവിലിനു മുന്നിലേക്ക് ആനയിച്ചു. തുടർന്ന് ജയരാമൻ നമ്പൂതിരിയെ തന്ത്രി കണ്ഠര് രാജീവര്,

അയ്യപ്പന് മുന്നിൽ വച്ച് കലശാഭിഷേകം നടത്തി മേൽശാന്തിയായി അവരോധിക്കുകയും, അദ്ദേഹത്തെ ശ്രീകോവിലിനുള്ളിലേക്ക് കൈപിടിച്ച് കയറ്റുകയും ചെയ്തു. നട അടച്ച ശേഷം അയ്യപ്പന്റെ മൂലമന്ത്രം മേൽശാന്തിയുടെ കർണങ്ങളിലേക്ക് തന്ത്രി പകർന്നു നൽകി. ഇതിനു പിന്നാലെ മാളികപ്പുറം ക്ഷേത്ര ശ്രീകോവിലിനു മുന്നിൽ കലശാഭിഷേകം നടത്തി ഹരിഹരൻ നമ്പൂതിരിയെ മാളികപ്പുറം മേൽശാന്തിയായി അവരോധിച്ചു.

അഡ്വ. പ്രമോദ് നാരായൺ എംഎൽഎ, ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.കെ. അനന്തഗോപൻ, ദേവസ്വം ബോർഡ് അംഗം പി.എം. തങ്കപ്പൻ, എഡിജിപി എം.ആർ. അജിത്ത് കുമാർ, ജില്ലാ പോലീസ് മേധാവി സ്വപ്നിൽ എം. മഹാജൻ, ദേവസ്വം സെക്രട്ടറി
കെ. ബിജു, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

വൃശ്ചികം ഒന്നായ ഇന്ന് (17) പുലർച്ചെ പുറപ്പെടാ ശാന്തിമാരായ ഇവരായിരിക്കും ഇരു ക്ഷേത്ര നടകളും തുറക്കുക. ഒരു വർഷത്തെ പൂജാ കർമ്മം പൂർത്തിയാക്കിയ നിലവിലെ മേൽശാന്തി പരമേശ്വരൻ നമ്പൂതിരി ഇന്നലെ (16) ന് രാത്രി തന്നെ അയ്യപ്പനോട് യാത്ര ചൊല്ലി പടിയിറങ്ങി.
നവംബർ 17 മുതൽ ഡിസംബർ 27 വരെയാണ് മണ്ഡല ഉത്സവ കാലം. മകരവിളക്ക് ഉത്സവത്തിനായി ശബരിമല ക്ഷേത്രനട ഡിസംബർ 30ന് തുറക്കും. 2023 ജനുവരി 14ന് ആണ് മകരവിളക്ക്. തീർഥാടനം ജനുവരി 20ന് സമാപിക്കും. (പി.ആർ. ശബരി-3)

## ആദ്യ ദിനം മുതൽ ഭക്തരുടെ തിരക്ക്

നട തുറന്ന ആദ്യ ദിനത്തിൽ തന്നെ കലിയുഗ വരദന്റെ ദർശനത്തിനായി ശബരിമലയിലേക്ക് ഒഴുകിയെത്തിയത് പതിനായിരത്തിലധികം പേർ. ഇന്നലെ(16) വൈകിട്ട് അഞ്ചിനാണ് മണ്ഡല ഉത്സവത്തിനായി ശബരിമല നട തുറന്നത്. വൃശ്ചിക പുലരിയിൽ (17) ആണ് തീർത്ഥാടനം ഓദ്യോഗികമായി ആരംഭിക്കുന്നതെങ്കിലും ഇന്നലെ നടയടയ്ക്കും വരെയും ശരണം വിളിയും കൂപ്പുകൈകളുമായി ഹരിഹരസുതന്റെ മുന്നിലേക്ക് ഭക്തർ എത്തിക്കൊ യിരുന്നു.

കഴിഞ്ഞ ദിവസം ഉച്ചമുതൽ തന്നെ നിരവധി ഭക്തർ അയ്യപ്പദർശനത്തിനായി പമ്പയിൽ വിരിവച്ചു കാത്തിരിക്കുകയായിരുന്നു. ഇന്നലെ ഉച്ചയോടെയാണ് ഭക്തരെ സന്നിധാനത്തേക്ക് മല ചവിട്ടാൻ അനുവദിച്ചത്. ആ സമയമത്രയും അക്ഷമരായി, അയ്യപ്പമന്ത്രങ്ങൾ ചൊല്ലി കാത്തിരിക്കുകയായിരുന്നു അവർ.
മഹാപ്രളയ കാലഘട്ടം മുതൽ കഴിഞ്ഞ തവണ വരെയുള്ള ഓരോ മണ്ഡല-മകരവിളക്ക് മഹോത്സവ കാലഘട്ടത്തിലും തീർത്ഥാടനത്തിനു ായിരുന്ന നിയന്ത്രണങ്ങൾ ഇക്കുറിയു ായില്ല എന്നതാണ് തീർത്ഥാടകരുടെ വൻ തിരക്കിന് കാരണമെന്ന് കരുതപ്പെടുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് ഈ തീർത്ഥാടകരിൽ ബഹുഭൂരിപക്ഷവും എന്നത് ശബരിമല തീർത്ഥാടനം പഴയ പ്രതാപത്തിലേക്ക് തിരിച്ചുവരുന്നതിന്റെ സൂചനകൾ കൂടി നൽകുന്നു. തീർഥാടകർക്കായി സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും വിവിധ വകുപ്പുകളും വിപുലമായ ക്രമീകരണങ്ങളാണ് സജ്ജമാക്കിയിട്ടുള്ളത്. (പി.ആർ. ശബരി-4)

## അയ്യപ്പഭക്തർക്ക് വിവരങ്ങൾ അറിയാൻ ഇ-ബുള്ളറ്റിൻ; ദേവസ്വം മന്ത്രി ഇന്ന് (17) പ്രകാശനം ചെയ്യും

ഈ വർഷത്തെ മണ്ഡല-മകരവിളക്ക് തീർഥാടനത്തിനായി അയ്യപ്പസന്നിധിയിലെത്തുന്ന ഭക്തർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനായി ഇ-ബുള്ളറ്റിൻ 'സന്നിധാനം' തയാറായി. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പും ദേവസ്വം വകുപ്പും ചേർന്നു തയാറാക്കിയ ഇ-ബുള്ളറ്റിന്റെ പ്രകാശനം ഇന്ന്(17) സന്നിധാനത്ത് ദേവസ്വം ഗസ്റ്റ് ഹൗസിൽ ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ നിർവഹിക്കും. എംഎൽഎമാർ, ദേവസ്വം പ്രസിഡന്റ് തുടങ്ങിയവർ പങ്കെടുക്കും. മലയാളത്തിന് പുറമേ തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലും ബുള്ളറ്റിൻ ഒരുക്കിയിട്ടു ്.

(പി.ആർ. ശബരി-5)

## ശബരിമലയിൽ സൗരോർജ വൈദ്യുതി പദ്ധതിക്ക് തുടക്കമായി

ശബരിമലയിൽ ആദ്യമായി നടപ്പാക്കുന്ന സൗരോർജ വൈദ്യുത പദ്ധതിയുടെ ഉദ്ഘാടനം ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ നിർവഹിച്ചു. ശബരി ഗസ്റ്റ് ഹൗസിന്റെ മുകളിലാണ് സോളാർ പാനലുകൾ സ്ഥാപിച്ച് സൗരോർജ വൈദ്യുതി പദ്ധതിക്ക് തുടക്കം കുറച്ചത്. പദ്ധതിയിലൂടെ എട്ടു കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും. ചെന്നൈ കുമരൻ സിൽക്സാണ് പദ്ധതിക്ക് ആവശ്യമായ അഞ്ചു ലക്ഷം രൂപ സ്പോൺസർ ചെയ്തത്. അടുത്ത ഘട്ടത്തിൽ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. (പി.ആർ. ശബരി-6)

**ഇന്നത്തെ ശബരിമല വിശേഷങ്ങൾ (17.11 2022)**

പുലർച്ചെ 2.30 മണിക്ക് പള്ളി ഉണർത്തൽ
3 ന്.... നട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.45 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
തുടർന്ന് .....കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

(പി.ആർ. ശബരി-7)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.